>> യാത്ര

ടി.കെ ഇബ്റാഹീം ടൊറണ്ടോ

# നൈലിന്റെ നാട്ടിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കരുത്തുറ്റ നേതൃത്വം

**ഈജിപ്ഷ്യൻ** ഭരണകൂടത്തിന്, ഒരർഥത്തിൽ അമേരിക്കക്ക് തന്നെയും പേടിസ്വപ്നമായ ഒരു സംഘടനയുടെ ആസ്ഥാനം -20 അൽ മലികുസ്വാലിഹ് സ്ട്രീറ്റ് അർറൗള- സന്ദർശിക്കുന്നത് നടാടെയല്ല. ഇത് നാലാമത്തെയോ അഞ്ചാമത്തെയോ സന്ദർശനമാണ്. നാലഞ്ചു ഇടുങ്ങിയ മുറികളുള്ള ഫ്ളാറ്റ്. അതും പഴകി ജീർണിച്ച പൊട്ടിപ്പൊളിഞ്ഞ ഒരു കെട്ടിടത്തിൽ (പക്ഷെ പഴക്കത്തിന്റെ ഉറപ്പുണ്ട്). അൽ മുർശിദുൽ ആമിന്റെ (ഇഖ്‌വാൻ പ്രസിഡന്റ്) പ്രൈവറ്റ് സെക്രട്ടറി ശൈഖ് മസ്ഊദിനോട് ഞാൻ ചോദിച്ചു. "ഇസ്‌ലാമിക പ്രസ്ഥാനങ്ങളൊക്കെ ഇപ്പോൾ നല്ല വിശാലമായ കേന്ദ്രങ്ങളും ഹെഡ്ക്വാർട്ടേഴ്സുകളും പണിയുന്നുണ്ട്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി കേരള ശാഖയുടെ പോലും കേന്ദ്രം -ഹിറാ- വളരെ വലുതും വിശാലവുമാണ്; നിങ്ങളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ. ഒരു നല്ല കേന്ദ്രം പണിയാനുള്ള ചിന്തയും പ്ലാനുമൊന്നുമില്ലേ?" എന്റെ അജ്ഞതയിൽ മന്ദഹസിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "എല്ലാമുണ്ട്. ഞങ്ങൾ തയാറാണ്. പക്ഷെ നിരോധിക്കപ്പെട്ട സംഘടനയാണ്. ഒരടി എങ്ങോട്ടും ഇവിടെനിന്ന് നീങ്ങാൻ ഭരണകൂടം അനുവദിക്കുകയില്ല."

ഇഖ്‌വാനുൽ മുസ്‌ലിമൂൻ -മുസ്‌ലിം ബ്രദർഹുഡ്- നിരോധിത സംഘടനയാണ് ഈജിപ്തിൽ. വളരെക്കാലമായി നിരോധം തുടരുന്നു. പാരതന്ത്ര്യത്തിന്റെ ചങ്ങലയുമായാണ് അത് ജനിച്ചു വീണതെന്ന് പറഞ്ഞാൽ പോലും അതിശയോക്തിയാവില്ല. 1928-ൽ പിറന്ന ശേഷം വളരെയൊന്നും സ്വതന്ത്രവായു ശ്വസിക്കാൻ ആ സംഘടനക്ക് അവസരം ലഭിച്ചിട്ടില്ല. എന്നിട്ടും ദുശ്ശക്തികൾക്കും ലോക വൻശക്തിക്കും അത് പേടി സ്വപ്നമാണ്. അമേരിക്ക ഇവിടെയൊരിക്കൽ ബോംബിടാൻ തന്നെ പ്ലാനിട്ടിരുന്നുവെന്ന് കിംവദന്തികൾ കേട്ടിട്ടുണ്ട്. ബ്രിട്ടീഷ് എംബസിയിൽ ഇമാം ഹസനുൽ ബന്നായുടെ ഫയലിന്റെ മുകളിൽ 'അഖ്തറു റജുലിൻ ഫിശ്ശർഖിൽ ഔസ്വത്' (മധ്യപൂർവ ദേശത്തെ ഏറ്റവും അപകടകാരിയായ മനുഷ്യൻ) എന്നെഴുതിവെച്ചിരുന്നുവെന്നും കേട്ടിട്ടുണ്ട്. ആ പൊട്ടിപ്പൊളിഞ്ഞ കെട്ടിടത്തിൽനിന്ന്, ഒട്ടും സൗകര്യങ്ങളില്ലാത്ത ഇഖ്‌വാൻ ഓഫീസിൽനിന്ന് പുറത്ത് വരുന്ന പ്രസ്താവനകൾ, അല്ല ആദർശ ഗർജനങ്ങൾ ഈജിപ്ഷ്യൻ ഭരണസിംഹാസനത്തെ പിടിച്ചു കുലുക്കുന്നു.

എന്നാൽ ആദർശ ഗർജനങ്ങളോടും വെല്ലുവിളികളോടുമൊപ്പം മധുരസ്നേഹഭാഷണങ്ങളുമുണ്ട്. അടുത്ത ദിവസം, ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക് ജർമനിയിൽനിന്ന് ചികിത്സ കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ ഹാർദമായ ആശംസാ സന്ദേശവുമായി പുതിയ ഇഖ്‌വാൻ കാര്യദർശി ഡോ. മുഹമ്മദ് ബദീഅ് ആണ് മുമ്പിലുണ്ടായിരുന്നത്. ആശംസാസന്ദേശം പ്രസിദ്ധീകരിച്ച പത്രത്തിന്റെ അടുത്ത പേജിൽ കാണാം കടുത്ത താക്കീതുകൾ. ഇഖ്‌വാൻ വനിതകളോട് പോലീസ് കാട്ടിയ അതിക്രമങ്ങളെ നിശിതമായി വിമർശിക്കുന്ന കുറിപ്പുകൾ. ക്ഷമക്കതിരുണ്ടെന്നും ഈ നില തുടർന്നാൽ പൊട്ടിത്തെറിയിൽ കലാശിക്കുമെന്നും അത് മുന്നറിയിപ്പ് നൽകുന്നു.

### നേതൃസംഗമം

ഇഖ്‌വാൻ ഓഫീസ് സെക്രട്ടറി ശൈഖ് മസ്ഊദ് നേരത്തെതന്നെ എത്താൻ എന്നോട് നിർദേ

ശിച്ചിരുന്നു. ചില നേതാക്കളുമായുള്ള കൂടികാഴ്ച എനിക്ക് നഷ്ടപ്പെടാതിരിക്കാൻ. കയ്റോവിലെ തിരക്ക് മറികടന്ന് ഇഖ്‌വാൻ ആസ്ഥാനത്തെത്തിയപ്പോൾ ഭാഗ്യത്തിന് ആരും സ്ഥലം വിട്ടിരുന്നില്ല. എത്തിയ ഉടൻ ശൈഖ് മസ്ഊദ് എന്നെ പിടിച്ചുകൊണ്ട്പോയി നേതാക്കൾക്ക് പരിചയപ്പെടുത്തി. കൂട്ടത്തിൽ അടുത്തായി സ്ഥാനമൊഴിഞ്ഞ ഇഖ്‌വാൻ അധ്യക്ഷൻ ശൈഖ് മഹ്ദി ആകിഫും ഉണ്ടായിരുന്നു. അദ്ദേഹത്തെ കഴിഞ്ഞ വർഷം കണ്ടപ്പോൾ പ്രവാചകനെ(സ)കുറിച്ച് ഞാനെഴുതിയ ഗ്രന്ഥം അദ്ദേഹത്തിന് സമർപ്പിച്ചിരുന്നു. 82 കഴിഞ്ഞ അദ്ദേഹം യൗവന യുക്തനായി കാണപ്പെട്ടു. ഇഖ്‌വാൻ സാരഥികൾ മരണം വരെ തൽസ്ഥാനം വഹിക്കുന്ന പതിവ് തിരുത്തിക്കൊണ്ട് ഈയിടെ തെരഞ്ഞെടുപ്പിന് മുമ്പ് അദ്ദേഹം സ്വമേധയാ സ്ഥാനമൊഴിയുകയാണുണ്ടായത്. എന്തുകൊണ്ടും സ്വാഗതാർഹവും കരണീയവുമായ ഒരു കാൽവെപ്പ്. കുറെ മുമ്പേ തന്നെ ഇഖ്‌വാൻ ആ മാതൃക പിന്തുടർന്നെങ്കിൽ എന്നാശിച്ചുപോയി.

പുതിയ മുർശിദ് ഡോ. മുഹമ്മദ് ബദീഅ് ഇഖ്‌വാൻ സാരഥികളിൽ ഏറ്റവും പ്രായം കുറഞ്ഞ പ്രസരിപ്പുള്ള വ്യക്തിയാണ്. 69 വയസ് മാത്രം പ്രായം. വെറ്റിനറി മെഡിസിൻ സ്പെഷലിസ്റ്റ് ആണ് അദ്ദേഹം. അതിൽ ലോകത്തെ പത്തു ഉന്നത വിദഗ്ധരിൽ ഒരാൾ കൂടിയാണദ്ദേഹം.

മഹ്ദി ആകിഫിന്റെ മാതൃക ഇതാണെങ്കിൽ ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക് കാണിച്ചുകൊടുക്കുന്ന മറ്റൊരു മാതൃകയെക്കുറിച്ചും അറിയേണ്ടതുണ്ട്. മകൻ ജമാലിനെ അനന്തരാവകാശിയാക്കുക. അതിലും രസാവഹം അമേരിക്ക അതിനെ പിന്തുണക്കുന്നു എന്നതാണ്. ഇറാഖിലേക്കും അഫ്ഗാനിലേക്കും ജനാധിപത്യം കയറ്റി അയക്കുന്ന അമേരിക്കക്ക് ഈജിപ്തിലെ ഡെമോക്രസിയെ എന്താണിത്ര പേടി? ഇഖ്‌വാന്റെ മുന്നേറ്റം, മറ്റെന്ത്!

ഇഖ്‌വാൻ ഓഫീസിൽ ഇരിക്കവേ ഒരു വൃദ്ധൻ, വയോവൃദ്ധൻ തന്നെ, ഊന്നുവടിയുമായി കടന്നുവന്നു- കുടുംബനാഥന്റെ ഹാവഭാവത്തിൽ. അവിടെ നിന്നിരുന്ന ചെറുപ്പക്കാരനെ ഹരത്തിൽ വടികൊണ്ടൊരു തട്ടും കൊടുത്തു. ഇരുന്ന് ഇഖ്‌വാന്റെ ചരിത്ര കഥകൾ പറയാൻ തുടങ്ങി - വയോധികരുടെ വിവരണ ശൈലിയിൽ. ശൈഖ് അലി നവൈത എന്നാണ് പേർ. 25 വർഷം നാസിറിന്റെ ജയിലിൽ കഴിച്ചു കൂട്ടിയിട്ടുണ്ട്. വധശിക്ഷക്ക് വിധിക്കപ്പെട്ടു. പിന്നെ ജീവപര്യന്തം തടവായി 'ഇളവ്' ചെയ്തു. മുമ്പ് ഗവൺമെന്റിൽ ഒരു സഹമന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട് അദ്ദേഹം.. ഞാനോർത്തു: എത്ര കഴിവുറ്റ വ്യക്തികളുടെ കർമശേഷിയും സേവനങ്ങളും സംഭാവനകളുമാണ് ഒരു വ്യക്തിയുടെ സ്വാർഥത്തിന് വേണ്ടി തടവറകളിൽ ശ്വാസം മുട്ടി മരിക്കുന്നത്.

അത് നാസിറിന്റെ കാലത്തെ കഥ. ഹുസ്നി മുബാറക് ചുവട് മാറ്റിപ്പിടിച്ചിട്ടുണ്ട്. കഠിനമർദനവും പീഡനവും തൂക്കുമരങ്ങളും കൂട്ടതടങ്കലും വേണ്ടെന്ന് വെച്ചിരിക്കുകയാണ്. ഇടക്കിടെ നേതാക്കളെ ജയിലിലടക്കുക- അതാണ് പുതിയ പോളിസി. ലക്ഷ്യമോ? സംഘടനയുടെ പ്രവർത്തനങ്ങളും പദ്ധതികളും മന്ദീഭവിക്കുക, മരവിപ്പിക്കുക. അങ്ങനെ മുന്നേറ്റം തടയുക. മർദനനയങ്ങൾ വിളിച്ചുവരുത്തിയേക്കാവുന്ന ജനരോഷം ഒഴിവാക്കുകയും ചെയ്യാമല്ലോ. ഏതായാലും രണ്ടു പോളിസിയുടെയും -നാസിർ/മുബാറക്- ലക്ഷ്യം ഒന്ന് തന്നെ; തങ്ങളുടെ സിംഹാസനം കാത്തുസൂക്ഷിക്കുക.

## തെരഞ്ഞെടുപ്പ് വിവാദം

ഇഖ്‌വാന്റെ ഇപ്രാവശ്യത്തെ തെരഞ്ഞെടുപ്പോടനുബന്ധിച്ചു സംഘടനക്കകത്തും പുറത്തും വലിയ വിവാദങ്ങൾ അരങ്ങേറി. ഇഖ്‌വാനിലെ നവീകരണവാദികൾ ഒരുഭാഗത്തും യാഥാസ്ഥിതികർ മറുഭാഗത്തുമായി കുറച്ചൊക്കെ നല്ല വടംവലി നടന്നു. ഇഖ്‌വാന്റെ പ്രതിയോഗികൾ ഈ സന്ദർഭം നല്ലപോലെ ചൂഷണം ചെയ്തു. ഇഖ്‌വാനിൽ 'പിളർപ്പി'നെ പറ്റി കെട്ടുകഥകൾ ചമച്ചു. നിരന്തരം പ്രസിദ്ധീകരിച്ചു... ഏതായാലും ഒടുവിൽ തെരഞ്ഞെടുപ്പ് ഫലം ഇഖ്‌വാന്റെ അഭ്യന്തര ഭദ്രതയെ വിളംബരം ചെയ്തുകൊണ്ടാണ് പുറത്തുവന്നത്. പുതിയ സാരഥി ഡോ. മുഹമ്മദ് ബദീഅ് അകന്നു നിൽക്കുന്നവരെ കൂട്ടിഘടിപ്പിച്ച് മുന്നോട്ടു നീങ്ങാനും അഭ്യന്തര ഭദ്രത ഉറപ്പുവരുത്താനുമുള്ള നീക്കങ്ങൾക്ക് ഒട്ടും താമസം വരുത്തിയില്ല. മുർശിദ് മാത്രമല്ല മക്തബുൽ ഇർശാദും സെക്രട്ടറിയേറ്റും പൂർണമായി മാറിയിട്ടുണ്ട്. കഴിവുറ്റ ഒരു നേതൃത്വമാണ് തെരഞ്ഞെടുപ്പിലൂടെ നിലവിൽവന്നത്. അത് ശുഭാപ്തിക്ക് വക നൽകുന്നു. എതിരാളികളുടെ കുപ്രചാരണങ്ങളെയും കുതികാൽവെട്ട് നീക്കങ്ങളെയും ഇഖ്‌വാൻ വിജയപൂർവം അതിജീവിച്ചു എന്ന് പറയാം.

ഏതായാലും ഒരു കുറവ് വളരെ പ്രകടമായി കണ്ടു. മജ്‌ലിസ് ശൂറ(പരമാധികാര സമിതി)യിലോ

മക്തബുൽ ഇർശാദിലോ ഒറ്റ വനിത പോലുമില്ല. സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച ഇഖ്‌വാന്റെ പരമ്പരാഗത യാഥാസ്ഥിതിക വിഭാവനയും നയവുമാണത് പ്രതിഫലിപ്പിക്കുന്നത്. അത് മാറുമെന്നും സ്ത്രീകളെ മുൻപന്തിയിലേക്ക് കൊണ്ടുവരുമെന്നും പുതിയ സാരഥി കുവൈത്തിലെ *അൽമുജ്തമ*ഉമായി നടത്തിയ അഭിമുഖത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും.

## ശൈഖ് മസ്ഊദ്

ഇഖ്‌വാൻ സാരഥിയുടെ പ്രൈവറ്റ് സെക്രട്ടറി ശൈഖ് മസ്ഊദിനെ ആദ്യമായി പരിചയപ്പെട്ടത് ദുബൈയിൽ വെച്ചാണ് – 35 വർഷം മുമ്പ്. നാസറിന്റെ അടിച്ചമർത്തൽ നയമാണ് അദ്ദേഹത്തെ ദുബൈയിലെത്തിച്ചത്. ഇസ്‌ലാമിക മനസ്ഥിതിക്കാരായ ഡോ. മുഹമ്മദ് അബ്ദുർറഹ്മാൻ ബകറും ശൈഖ് സഖർ അൽമുരിയും ഔഖാഫ് മന്ത്രാലയത്തിൽ മന്ത്രിയും ഉപമന്ത്രിയുമായിരുന്ന കാലത്ത് അദ്ദേഹം അവരുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 8 വർഷം ഈജിപ്തിൽ മിലിട്ടറി ജയിലിൽ പീഡനങ്ങൾ അനുഭവിച്ചിട്ടുണ്ട്. സംസ്കൃതവും ശാലീനവും ഉദാരവുമായ സ്വഭാവത്തിന്റെ ഉടമയാണ് അദ്ദേഹം. ഇത്തരക്കാരെ കാണുമ്പോൾ ചിന്തിച്ചുപോകും, ജയിൽവാസം ഇവർക്കൊക്കെ ഒരനുഗ്രഹമായി ഭവിച്ചില്ലേ എന്ന്. ജയിലിൽ വെച്ച് നേടിയ തർബിയത്ത് അവരുടെ സ്വഭാവഗുണങ്ങളെ കടഞ്ഞെടുത്ത്, മനോഹരവും മാതൃകാപരമാക്കിത്തീർത്തിരുന്നു.

അര ദിവസം ശൈഖ് മസ്ഊദ് എന്നോടൊപ്പം ചിലവഴിച്ചു. ഇഖ്‌വാൻ നേതൃനിരയിൽ പെട്ട പലരെയും പരിചയപ്പെടുത്തി. കൂട്ടത്തിൽ അൽഫാറൂഖ് ഹോസ്പിറ്റൽ ഡയറക്ടർ ഡോക്ടർ സഊദ് അബ്ദുൽ ഹമീദിനെ സന്ദർശിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങളെപ്പോലുള്ളവരെ കാണുമ്പോൾ ഇസ്‌ലാമിന്റെ സാർവലൗകികതയാണ് ഓർക്കുന്നത്."

"ഇഖ്‌വാൻ ആസ്ഥാനം സന്ദർശിക്കുമ്പോഴൊക്കെ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ഭാവിസാധ്യതയിൽ പ്രതീക്ഷ വളരുന്നു." ഞാനും പ്രതികരിച്ചു.

ഇഖ്‌വാൻ കേന്ദ്രത്തിലെ റിസപ്ഷൻ റൂമിൽ ഇമാം ഹസനുൽ ബന്നാ മുതലുള്ള മുൻ മുർശിദുകളുടെ ഫോട്ടോകൾ തൂക്കിയിരിക്കുന്നു. നമ്മുടെ ഹിറാസെന്ററിലെ മാതൃക അനുസ്മരിച്ചുകൊണ്ട് അവരുടെ കാലഘട്ടങ്ങൾ കൂടി ഉൾക്കൊള്ളിക്കുന്നതു ഉചിതമായിരിക്കുമെന്ന എന്റെ വിനീതാഭിപ്രായം അവർ സന്തോഷപൂർവം അംഗീകരിച്ചു.

## അഹ്മദ് സകീ ഹമ്മാദിന്റെ ഖുർആൻ പദ്ധതി

അൽ അസ്ഹർ പണ്ഡിതനായ ഡോ. അഹ്മദ് സകീ ഹമ്മാദിനെ 30 വർഷത്തോളമായി ഈ ലേഖകനറിയും. എൺപതുകളിൽ അമേരിക്കയിൽ വന്ന് ഷിക്കാഗോ യൂനിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് ബിരുദം നേടി. ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്കയുടെ (ഇസ്ന) പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. ഫിഖ്ഹ് കൗൺസിൽ ഓഫ് നോർത്ത് അമേരിക്കയുടെ ചെയർമാനുമായിരുന്നു. പതിനഞ്ചു വർഷത്തോളമായി കയ്റോവിൽ –മുഖത്തമിൽ– സ്ഥിരതാമസം. ഖുർആനാണ് അദ്ദേഹത്തിന്റെ തപസ്യ. അമുസ്‌ലിംകൾക്ക് തട്ടും തടവുമില്ലാതെ, ഹൃദ്യമായും അനായാസമായും വായിക്കാൻ പറ്റുന്ന ഒരു ഇംഗ്ലീഷ് ഖുർആൻ പരിഭാഷ അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. അതദ്ദേഹം സാക്ഷാത്കരിച്ചു. അത്ര ഹൃദ്യമായ ഒരു ഇംഗ്ലീഷ് പരിഭാഷ ഈ ലേഖകന്റെ അറിവിൽ വേറെയില്ല.

കഴിഞ്ഞവർഷം ഞാനദ്ദേഹത്തെ സന്ദർശിക്കുകയും പ്രവാചകനെ(സ)ക്കുറിച്ച എന്റെ ഗ്രന്ഥത്തിലെ ചില വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹത്തെ സന്ദർശിക്കുന്നതിൽ ശൈഖ് മസ്ഊദും വളരെ താൽപര്യം പ്രകടിപ്പിച്ചു. അവർ തമ്മിൽ പരിചയമുണ്ടായിരുന്നില്ല. ഏതായാലും ഞങ്ങളിരുവരും അദ്ദേഹത്തെ സന്ദർശിച്ചു. വിശാലമായ അടുക്കും ചിട്ടയുമുള്ള തന്റെ ലൈബ്രറിയിൽ അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു. ഒരുപാട് വൈജ്ഞാനിക വിഷയങ്ങളെക്കുറിച്ച് ഞങ്ങൾ ദീർഘമായി സംസാരിച്ചു.

ശൈഖ് ഖറദാവി തന്റെ *ഫിഖ്ഹുൽ ജിഹാദ്* എന്ന ഗ്രന്ഥം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്താൻ ചുമതലപ്പെടുത്തിയത് ഡോ. ഹമ്മാദിനെയാണ്.

പ്രവാചകനെക്കുറിച്ച എന്റെ ഗ്രന്ഥത്തിന്റെ അറബി പരിഭാഷ ഏറ്റെടുത്ത ഒരു കമ്പനിയുമായുള്ള ചർച്ച എന്റെ കയ്റോ യാത്രയുടെ മുഖ്യോദ്ദേശ്യങ്ങളിൽ ഒന്നായിരുന്നു. അക്കാര്യത്തിൽ മാധ്യസ്ഥം വഹിക്കാമെന്നേറ്റ ആത്വിഫ് മൻസൂർ എന്നെ പ്രാതലിന് ക്ഷണിച്ചു. അതിന്നദ്ദേഹം തെരഞ്ഞെടുത്തത് കയ്റോ നഗരത്തിലെ ഏറ്റവും മനോഹരവും വിശാലവുമായ അൽ അസ്ഹർ പാർക്കാ

യിരുന്നു. കുന്നിൻ പുറത്ത് നിലകൊള്ളുന്ന പാർക്കിൽനിന്ന് നോക്കിയാൽ കയ്റോ നഗരം മുഴുവൻ കാണാം. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി കോട്ടയിലെ അംബരചുംബികളായ മനോഹര പള്ളി മിനാരങ്ങൾ ചരിത്രകഥകൾ പറഞ്ഞുകൊണ്ട് ഏറ്റവും മുമ്പിൽ.... കയ്റോ സന്ദർശിക്കുന്ന ആർക്കും ഒഴിവാക്കാനാവാത്ത ഒന്നായിത്തീർന്നിട്ടുണ്ട് അടുത്തകാലത്തായി ഗവൺമെന്റ് പണിത ഈ പാർക്ക്.

പ്രവാചക ജീവിതത്തെക്കുറിച്ച് ഏതാനും വർഷം മുമ്പ് മുസ്‌ലിം വേൾഡ് ലീഗ് സംഘടിച്ച അന്താരാഷ്ട്ര ഗ്രന്ഥരചനാ മത്സരത്തിൽ ഒന്നാം സമ്മാനം (മൂന്നുലക്ഷം സുഊദി റിയാൽ) നേടിയ ഈജിപ്തുകാരനും ഭിഷഗ്വരനുമായ റാഗിബ് അസ്സർജാനിയെ കണ്ട് സംസാരിക്കുക യാത്രയുടെ മറ്റൊരു ഉദ്ദേശമായിരുന്നു. മലേഷ്യൻ സന്ദർശനത്തിലായിരുന്ന അദ്ദേഹം ഞാൻ കയ്റോ വിടും മുമ്പ് തിരിച്ചെത്തിയത് ഭാഗ്യമായി. വളരെ തിരക്ക് പിടിച്ച ആളാണ് അദ്ദേഹം. ഇസ്‌ലാമിക സേവനത്തിനായി മർകസുൽ ഹളാറ എന്നൊരു സ്ഥാപനം അദ്ദേഹം നടത്തിവരുന്നുണ്ട്. പ്രവാചകനെക്കുറിച്ച എന്റെ ഗ്രന്ഥം അദ്ദേഹത്തിന് നൽകുകയും സമയം കിട്ടുമ്പോൾ കമന്റുകൾ അയക്കണമെന്നാവശ്യപ്പെടുകയും ചെയ്തു ഞാൻ പിരിഞ്ഞു.

രണ്ടു ദിവസത്തെ കയ്റോ യാത്ര തികച്ചും ഫലപ്രദമായിത്തീർന്നെന്ന കൃതാർഥതയുമായി ഞാൻ മടങ്ങി. അൽഹംദുലില്ലാഹ്. ■

ibrahimtk@yahoo.ca